MISS AMNIE MASCARENE: Sir, if human imagination can treasure anything to heart, it is the fond memories of a student life, or a student career. This House and this Government are entrusted with the sacred duty of deciding the future of Travancore to the same extent as deciding the kind of career or instruction that should be given to the future citizen of Travancore, to the future leaders of democracy, to the future makers of democracy. It is not a slight duty that is entrusted with us. Nor is this adjournment

LIBRARY ARCHIVES Kerala Legislative Assembly

motion to be slighted by this House. Education has been considered as the most important point in administration by the last Budget session. Education has been regarded as the best subject, the most sacred subject that should be dealt with by any Government, that is on democratic administration. Satyagraha as a technique has been adopted by the Father of the Nation and by teachers of humanity for a very sacred purpose. The present situation that we have to deal with is one where two students have gone on hunger strike. Let us look into the question very seriously. What should be the attitude of any Government towards such a question? Has not this Government stood by the students in the past when they wanted a change of syllabus? Has not this Government stood by the students in the past when they wanted the part system? Has not this Government stood by the students in the past when they wanted to ignore the absence of a few days in order to sit for the examination? This Government will stand by the students in all reasonable points, in all their reasonable rights, liberties and privileges. That I wish to assure the students as a representative of this House.

I just heard that my friend the honourable mover remarking that the students had taken part in the past political activities of this State. That is a historical fact which need no mentioning here. Students always side with progressive movements and as far as ideals are concerned, I am of opinion that students are at liberty to hold any opinion because political ideals are the guiding lights to students under any career. When they march towards life and thence to the goal which is a long and winding one, I may tell them to change their opinion many a time as the lamp posts of life. The Hon'ble mover said that he would stick to his opinion. He is at liberty to do it. He is too young to change his opinion. But when he marches on in his political life he has to change his opinion many a time. A wise man always changes his opinion, as the proverb says, but a fool never does.

Let us look into the seriousness of the question. If the students want to lead a career so that they can mould a life of usefulness to themselves and others, then it is of utmost necessity that they must have some knowledge. We have all in our lives as students been groping into the book of wisdom, knowledge and experience of the world. We have made our own explorations and that is how we have got this position; and we are still groping forward exploring more ideals. We should not mislead the Government. It is the first duty of this Government to provide all facilities to the students to attain knowledge. Let us look into the present system of examination which are held as a test of knowledge. If the University wants to confer any degree or set up a standard for the students, examinations are the only best test for this. By holding examinations the students are given sufficient opportunities to know where they stand in their acquisition of knowledge and at the same time,

LIBRARY ARCHIVES Kerala Legislative Assembly

enable the authorities to know what standard of education they have attained. If they are allowed to write thesis they are given an opportunity to show their intellectual capacity and knowledge and then examinations may not be necessary. In any case, examinations are the only test by which we can understand the genius of the students, the standard of their knowledge,culture,—mental and moral—and their physical culture as well attained by them. If you are going to do away with examinations you are going to do away with Universities. Here is a Satyagraha not for part system, not for a change in the syllabus, not for promotion but for having no examination. Grant that privilege. But give them an opportunity of showing their intelligence and genius. Examinations have all along been the guiding influence to study. Today if you are going to do away with examinations you are ruining the future generations by depriving them of culture and knowledge. Therefore I believe, sincerely believe, that, examinations are essential and any system, any regulation, any rule or any activity that stand in the way of examination are detrimental to the future of the students. And. I could understand my friend's view that the students do not trust the present-day Governments. We are living in a transitional age. We are moulding the policy of the future world. New ideas are in the air. Seeds of far-reaching changes are being sown. That is a fact you and I have to face boldly, but at the same time, we must remember that destruction is no foundation for any reconstruction or progress or revolutionary ideals helpful as guiding lights to push you forward. I would advise the students that it is "better by far to look for a star ; than the spots on the sun, abiding."

I should like the Hon'ble Mover to think seriously of this question. I am of opinion,—he will forgive me, if I say—that he is not mature enough in deciding the correctness or to justify the present stand of those two students.

MR N. DANIEL JOSE : May I know whether Mr. Patchu Pillai is young in years ?

MISS ANNIE MASCARENE : "Young in mind" has no reference to age. I heard a remark from one of the speakers that this has spread like wild fire throughout the State. If it is a threat we will take it for what it is worth. If it is a reality, our students are too intelligent and too self-respecting to follow a call resulting from disappointment and dissatisfaction. I wish to request this House to give due consideration to this question. The students may not know many things that are at the root of all this trouble. They are shown only a revolutionary ideal and asked to fight it out. If the statements issued by the authorities of the College that 75 per cent of the students are against this Satyagraha and they have very magnanimously sacrificed their studies to allow the Satyagraha, if this statement is true, I would request the Government to look into the question and even appoint a committee, if it is necessary, to study this question. We are, as you know, the caretakers of the present

LIBRARY ARCHIVES Kerala Legislative Assembly

[Miss. Annie Mascarene]

Government and we are bound to take a paternal care of the students whom we should advise, lead and help with all care and fondness necessitated by the occasion.

MR. K. P. NILAKANTA PILLAI: May I know the Hon'ble Member's view about detention?

MISS ANNIE MASCARENE: Detention is also just like examination helpful to the students. If students are sent out for examinations without being sure of their standard, what is the use of setting up standards of knowledge that a student should possess? There will be no need for detention if the authorities are convinced of the standard of the students. If the students are well up in their lessons to the satisfaction of the authorities they need not be detained. This is left to the discretion of the University authorities or the authorities of the respective colleges. With these words I wish to appeal to every Member of this House to take a paternal view of the question and decide this problem with all the care and wisdom it demands.

MR. P. S. NATARAJA PILLAI: Sir, the subject under discussion is one which affects the vital interests of our country. It is a well known fact that for some years past the student population was taking active part in politics, and fortunately or unfortunately, they were allowed to do that with open consent or connivance of political parties in the State. The mover of the adjournment motion today stated that for the political liberation of the country the students have actively participated. Sir, I am one of those who belong to another school of thought.—I know it is not very much appreciated or liked by a body of the public—I am one of those who believe that the student life is a sacred period of training and in spite of all the liberties they are entitled to and with all the care that the State is bound to provide for them and with all the facilities that the public are bound to give them, it is their inescapable duty to train themselves for their future life to become leaders of the nation. But at a crisis when the national life itself was in danger, when the call came as a national call, every individual was bound to participate in the struggle But one of my friends stated in the House that a certain discontented political element used the students to gain its ends. I am very sorry, Sir, that the Government has now come to a pause when they have to face the consequence of that. Questions of education are matters which have to be settled by the Government or by the constituted authority. The system of education to be adopted, methods of education that have to be enforced and the standards that must be kept up, these are all matters for the educational authorities to deal with and not for laymen to indulge in. I belong to that group which believes in this principle. It is not in the province of laymen to set up standards of education and to prescribe syllabuses or curricula for colleges or schools. A popular body if it wants to deal in those matters should call for the aid of educational experts. It is not for a Legislature or even for a

LIBRARY ARCHIVES Kerala Legislative Assembly

Parliament to enact measures or prescribe and decide syllabus or course of studies of students Unfortunately for us in Travancore, I am not very sure of the position, I am led to believe that we as popular representatives are taking upon ourselves the responsibility of determining the courses of studies in colleges and setting up standards of education for our boys. As a result of this the students are made to entertain false hopes that all their agitations will be viewed sympathetically by Government and somehow or other their demands, whether reasonable or unreasonable, were granted by the Government. Government in this case went beyond their jurisdiction Every section of this House, I hope, will support any measure to put down these nefarious tendencies of the student population. It is not too late to retrace the steps already taken. At any rate we cannot go on allowing the situation to worsen, thereby affecting the whole future of the country. At any rate, the problem is one which has been created by the leaders of the country under particular circumstances, and it is up to them and for this House to face the problem with sympathy and consideration. We know the emotional mental make-up of the adolescent students. They were led away by false hopes. To launch sudden and violent measures to counteract the present tendency will have tragic consequences. Therefore, the first thing that Government could do in this direction is to retrace the steps so far taken by adopting conciliatory methods of arguments and adjustments—I would call it like that—such as will not affect the future prosperity of the State or the interests of the students themselves. We who are responsible to the public opinion, have committed a wrong, in my view, in having allowed the students to hope for further demands which they are sure they could get satisfied if they resort to direct action. Direct action was a method adopted when the national life was in dangor and that weapon may be used in times of war or in such national emergency. But in normal conditions, to think of using such weapons which could be used only in crises, is dangerous. Having gone so far, I think the Government and the public at large must think of counteracting the present tendency of the students by conciliatory methods and by the methods of arguments and any adjustment as I said before. I am not in the know of things to say that the students' agitation in the country is directed or controlled, or initiated by the communists from outside. The communist movement is India wide, or for that matter, world-wide. I know there are communist tendencies in the country prevalent. Whether it has permeated into the student population is a question I do not personally know. Whatever it may be, I am one of those who believe that it is not communist promptings which has led to the present situation among the students. It is rather our own fault that has led to the present situation. In having contributed to the situation ourselves, to take stringent steps of law to suppress the movement would not be feasible or fair. Undoubtedly, a great responsibility is on us, and so, we have to settle the matter by conciliatory adjustment, and that to try to allow the students to launch direct direction will be suicidal in the interests of the country and the future generation too.

LIBRARY ARCHIVES Kerala Legislative Assembly

MR. K. K. CHELLAPPAN PILLAI : സർ, ഇന്ന് ഈ സഭയിൽ അവതരിപ്പിച്ചിട്ടുള്ള പ്രശ്നം വളരെ ഗൗരവമേറിയതാണെന്നും അതിനെ തുടർന്ന് ഇവിടെ നടക്കുന്ന പ്രൊസീഡിങ്ങ്സിന്റെ പ്രത്യാഘാതം വളരെ വ്യാപകമായിരിക്കുമെന്നും ഉള്ളതിൽ രണ്ടഭിപ്രായം ഉണ്ടാകാനിടയില്ല. അത് നാട്ടിലെ നമ്മുടെ ഭാവി തലമുറയാകുന്ന കുട്ടികളുടെ ഭാവിയെ ബാധിക്കുന്നതാണെന്നുള്ളതിനും പക്ഷാന്തരത്തിനു വകയില്ല. ഒരു രാഷ്ട്രീയകക്ഷി എന്ന നിലയിൽ രാജ്യഭാരം കയ്യേറിരിക്കുന്ന ഈ അവസരത്തിൽ, അവരോട് ഏതുതരത്തിലാണു പെരുമാറേണ്ടതെന്നും അവരുടെ പ്രശ്നങ്ങൾക്ക് ഏതു തരത്തിലാണ് പരിഹാരമുണ്ടാക്കേണ്ടതെന്നും ഉള്ള സംഗതിയും നാം വിസ്മരിക്കാൻ പാടുള്ളതല്ല. ഈ രാഷ്ട്രീയകക്ഷിതന്നെ വിദ്യാർത്ഥികളെ നമ്മുടെ സ്വാതന്ത്ര്യസമരത്തിനായി യാഥേഷ്ടം ഉപയോഗിച്ചുവെന്നുള്ളതും നാം മറക്കാൻ പാടുള്ളതല്ല. പക്ഷേ, ഇതൊക്കെ ആയിരുന്നാലും വിദ്യാർത്ഥികളും അവരുടെ മുമ്പതല മറക്കാൻ പാടില്ലെന്നാണ് എന്റെ അഭിപ്രായം. ഈ അവസരത്തിൽ രണ്ടു കക്ഷികളായിട്ട്, എന്നു പറയാൻ പാടില്ലെങ്കിലും രണ്ട് ജനറേഷൻസ് തമ്മിലുള്ള അഭിപ്രായവ്യത്യാസം ശരിയായ തരത്തിൽ ഏതു മാർഗ്ഗത്തിൽ കൂടിയാണ് മാറുന്നതെന്നുള്ള കാര്യം നമ്മുടെ പര്യാലോചനയെ അർഹിക്കുന്നു. ഇന്നു രണ്ടു കൂട്ടർ ഏതെങ്കിലും തരത്തിൽ അവരുടെ അഭിപ്രായം ശരിയാണെന്ന ബോധത്തിൽ കമ്മ്യൂണിസ്റ്റു ക്രൂട്ടുകെട്ടുണ്ടായിരുന്നാലും ശരി ഇല്ലെങ്കിലും ശരി, നിരാഹാര സത്യാഗ്രഹം തുടരുകയാണ്. ഡിറെറൻഷൻ വേണമോ വേണ്ടയോ എന്നുള്ളതിൽ മാത്രമല്ല, വിദ്യാഭ്യാസവിഷയമായ ഏതു കാര്യത്തിലും ഇന്ന് രണ്ടഭിപ്രായമുണ്ട് അങ്ങനെയിരിക്കുമ്പോൾ രണ്ടഭിപ്രായംവരുന്ന ഈ പ്രശ്നത്തിന് ആ കുട്ടികൾ ഒരു പ്രത്യേക നടപടി എടുത്തു. അതിനെ സത്യഗ്രഹം എന്ന് അവർ പറയുകയും ചെയ്തു. അതായത് നിരാഹാരസത്യഗ്രഹം. ഏതായാലും അവർ മരിക്കാൻ തുടങ്ങുന്നു എന്നുള്ളതു നമുക്കറിയുവുന്ന സംഗതിയാണ്. തത്പരമായ ഒരു സംഗതിക്കു വേണ്ടി ജീവത്യാഗം ചെയ്യാൻ സന്നദ്ധമായിരിക്കുന്ന അവരുടെ ചിന്താഗതിയെ മാനിക്കുകയും പിന്നീട് ശരിയായവഴിയിൽ കൂടിയല്ല അവർ പോകുന്നതെന്ന് അവരെ ബോദ്ധ്യപ്പെടുത്തുകയുമാണ് വേണ്ടതു്. മിസ്റ്റർ ജോസഫ് പറഞ്ഞതുപോലെ സ്റ്റുഡന്റ്സ് അവരുടെ അഭിപ്രായങ്ങൾക്ക് അനുയോജ്യമായ തരത്തിലുള്ള ഒരു തീരുമാനത്തിനുവേണ്ടി തത്പരമായ ഒരടിസ്ഥാനത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ഒരു പ്രസ്ഥാനം തുടങ്ങുമ്പോൾ നമ്മുടെ അഭിപ്രായം പറയുകയല്ലാതെ ഈ ജനപ്രതിനിധിസഭയിൽനിന്നുതന്നെ ഒരു കമ്മറ്റി രൂപവൽക്കരിച്ച് ഈ കാര്യത്തെക്കുറിച്ച് അന്വേഷണം നടത്തണമെന്നാണ് പ്രായോഗികമായ രീതിയിൽ എനിക്കു പറയുവാനുള്ളത്. ആ കമ്മറ്റി പോകുമ്പോൾ വിദ്യാർത്ഥികളും കോളേജധികൃതരും തിരുവിതാംകൂറിലെ എല്ലാ ജനങ്ങളും അവരുടെ അഭിപ്രായം വ്യക്തമാക്കേണ്ടിവരും. അതിനു വേണ്ടി ഒന്നരണ്ടു വാക്ക് വിദ്യാർത്ഥികളോടും പറയുന്നു. സത്യഗ്രഹം ഒരു നിസ്സാരകാര്യമല്ല. സത്യഗ്രഹം എങ്ങനെയുള്ള സമരത്തിനാണ് ഉപയോഗിക്കേണ്ടതെന്ന് അവർ നല്ലതുപോലെ ആലോചിക്കണം. സത്യഗ്രഹം എന്ന വാക്കിന്റെ അർത്ഥം, ശരിയായും ന്യായമായും തത്വപരമായും ഉള്ള അടിസ്ഥാനത്തിന്മേൽ അക്രമരഹിതമായി പോകുന്ന ഒരു ശിക്ഷണമാണ്. ആ രീതിയിൽ മാത്രമേ അതിനെ മുമ്പോട്ടു കൊണ്ടുപോകാവൂ. അവകാശം ഒരു വശത്തും ചുമതലയിൽനിന്നൊഴിയണമെന്നുള്ള ആഗ്രഹം മറുവശത്തും ആകരുത്. സ്റ്റുഡൻസ് എന്നു പറയുമ്പോൾ അവർ സ്റ്റുഡൻറ്ഷിപ്പ് വിടരുത്. അവരുടെ അവകാശങ്ങൾ എത്രതന്നെയായിരുന്നാലും, ശിക്ഷണബോധവും, സ്വഭാവവൈശിഷ്ട്യവുമുള്ള സ്റ്റുഡൻറ്ഷിപ്പിനെ അവർ പരിത്യജിക്കരുത്. അതുപോലെതന്നെ തെഴിലാളികളും അവരുടെ അവകാശസംരക്ഷണത്തിനുവേണ്ടി അവർ ഒരു തൊഴിലാളി ആണെന്നുള്ള നില ഒരിക്കലും വിസ്മരിച്ചുകൂടാത്തതാണ്. ഒരോ സ്റ്റുഡൻറും ഒരു മാതൃകാവിദ്യാർത്ഥിയായിരിക്കണം. സാമ്പത്തികമായോ സാമുദായികമായോ ഉള്ള പുരോഗതിയെ സഹായിക്കത്തക്കവിധത്തിലുള്ള വിദ്യാഭ്യാസമല്ല നമുക്കു ലഭിച്ചതെന്നും ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്നതെന്നും എനിക്കറിയാം. എങ്കിലും അതുകൊണ്ട് നമ്മുടെ സ്റ്റുഡൻറ്ഷിപ്പ് പരിത്യജിക്കരുത്. സത്യഗ്രഹം കൗണ്സിൽ സ്റ്റാർട്ടുകെട്ടുകൊണ്ടാണുണ്ടാകുന്നതെന്ന് എനിക്കഭിപ്രായമില്ല. ഭാരതത്തിന്റെ ഭാവി യഥാർത്ഥത്തിൽ വളരെ ശോഭനമായിരിക്കും. കാൺഗ്രസിന്റെ ആദർശവും സംസ്കാരപരമായിട്ടുള്ളതാണ്. എക്കണോമിക്സ് ഇകപാലിറ്റി, സോഷ്യൽ ഇകപാലിറ്റി ഇവ കൈവരുത്തുകയാണ് കാൺഗ്രസ്സിന്റെ ആദർശം. ഇൻഡ്യൻ കാൺസ്റ്റിറ്റ്യൂവൻറ് അസംബ്ലിയിൽ നടന്നിട്ടുള്ള പ്രസംഗങ്ങൾ ഈ വസ്തുതകൾ തെളിയിക്കുന്നുണ്ട്. മഹാത്മാഗാന്ധിയുടെ സത്യഗ്രഹത്തിന്റെ അർത്ഥം തന്നെ ന്യായമായിട്ടുള്ളതിനെ സ്ഥാപിക്കണമെന്നും അന്യായമായിട്ടുള്ളതിനെ നശിപ്പിക്കണമെന്നുമാണ്. അതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. R. Chellappan Pillai]

ഞാൻ പറയുന്നതു് വിദ്യാർത്ഥികൾ സൃഷ്ടിപരമായ ജോലികളിൽ ഏർപ്പെടണമെന്നാണു്. സാമുദായികവും സാമ്പത്തികവുമായ സമതുലനം മുന്നോട്ടുകൊണ്ടുപോകണമെന്നാണു് മഹാത്മജി ഉപദേശിച്ചിട്ടുള്ളതു്. ഇതു അവർ മറക്കരുതു്. അതിനാൽ മനസ്സാക്ഷിയോടുകൂടി സഹാർദ്ദ മനോഭാവത്തോടുകൂടി ഈ കാര്യത്തിൽ ഒരു ഒത്തുതീർപ്പിനു് നാം ശ്രമിക്കണമെന്ന മാത്രമേ എനിക്കു പറയുവാനുള്ളൂ.

HON'BLE MR. T. K. NARAYANA PILLAI: സർ, എത്രയും ഗൗരവമേറിയ ഈ പ്രശ്നത്തെ സംബന്ധിച്ചു് ഈ സഭയിലെ ബഹുമാനപ്പെട്ട അംഗങ്ങളുടെ അഭിപ്രായം ശരിയായ വിധത്തിൽ അറിയണമെന്ന ഗവണ്മെൻറിനു പ്രത്യേകം ആഗ്രഹവും നിർബന്ധവും ഉണ്ടായിരുന്നതുകൊണ്ടാണു് ഇങ്ങനെ ഒരു വാദപ്രതിവാദത്തിനു ഗവണ്മെൻറു തന്നെ സ്വാഗതം ചെയ്തതു്. വിദ്യാർത്ഥികളുടെ ഒരു സ്നേഹിതനാണു് ഞാൻ എന്നാണു് ഞാൻ അഭിമാനിക്കുന്നതു്. അവരുടെ ന്യായമായ എല്ലാ വിഷമതകൾക്കും പരിഹാരം ഉണ്ടാക്കേണ്ടതു് ഏതു ഗവണ്മെൻറിൻറേയും മുഖ്യമായ ചുമതലയാണെന്നു് ഞാൻ ആത്മാർത്ഥമായി വിശ്വസിക്കുന്നു. ഇന്നു് ആലുവാ കോളേജിൽ നടക്കുന്ന സംഭവങ്ങളുടെ അടിസ്ഥാനവും അതിൻറെ കാരണങ്ങളും എന്താണെന്നുള്ളതു് ഈ സഭയിലെ ബഹുമാനപ്പെട്ട അംഗങ്ങളും എല്ലാവരും നല്ലതുപോലെ അതിൻറെ യഥാർത്ഥരൂപത്തിൽ അറിഞ്ഞിട്ടുണ്ടോ എന്നു ഞാൻ സംശയിക്കുന്നു. അവരുടെ വാദം ഡിറമാൻഡ് പരിപൂർണ്ണമായി നിർത്തണമെന്നാണു്. അതിനു് രണ്ടു കാരണങ്ങളാണു് അവർ ഉന്നയിക്കുന്നതു്. ഒന്നായതു് ഒന്നാമതു് സിക്സ്ത്ത് ഫോം എക്സാമിനേഷൻ നിർത്തുക. രണ്ടാമതു്, ജയിച്ചാൽ ഉടൻതന്നെ ടേം സർട്ടിഫിക്കേറു് കൊടുക്കുക. ടേം സർട്ടിഫിക്കേറു് കൊടുക്കുക എന്നുള്ളതു് കോളേജധികൃതന്മാരുടെ ഒഴിച്ചുകൂടാൻ പാടില്ലാത്ത ചുമതലയാണു്. ഇന്നു നിലവിലിരിക്കുന്ന യൂണിവേഴ്സിറ്റി ആക്ടിനു് അനുസരിച്ചു് ടേം സർട്ടിഫിക്കേറു് അയച്ചാൽ മാത്രമേ ബി. എ. പരീക്ഷയ്ക്കു് വിദ്യാർത്ഥികളെ ചേർക്കുകയുള്ളൂ. അങ്ങനെ ഉള്ള രണ്ടു കാര്യങ്ങളിൽ വിദ്യാർത്ഥികളുടെ അഭിപ്രായം വകവച്ചുകൊടുക്കണമെന്നാണു് അവരുടെ വാദമുഖം. ഇതനുസരിച്ചു് കോളേജധികൃതന്മാരെ ഞങ്ങൾ കാണുകയുണ്ടായി. അവരുമായി ദീർഘമായ സംഭാഷണങ്ങളിൽ ഞാനും എൻറെ സഹമന്ത്രിമാരും ഏർപ്പെട്ടിരുന്നു എന്നുള്ള വസ്തുതയും സഭയിലെ ബഹുമാനപ്പെട്ട മെമ്പർമാരെ അറിയിക്കുവാൻ ആഗ്രഹിക്കുന്നു. വിദ്യാർത്ഥികൾ അവ

LIBRARY ARCHIVES Kerala Legislative Assembly

രുടെ ഈ കാര്യത്തിനായുള്ള പ്രക്ഷോഭണം തുടങ്ങുന്നതിനു വളരെ മുമ്പുതന്നെ അവരുടെ പ്രക്ഷോഭണത്തിന്റെ ഹേതുക്കൾ ഇന്നതാണെന്ന് ഗ്രഹിച്ചു് ഞങ്ങൾ ഈ കാര്യത്തെക്കുറിച്ചു് ഗാഢമായി പരിചിന്തനം ചെയ്യുകയുണ്ടായി. അവരുടെ കാളേജുഭരണസംബന്ധമായ കാര്യങ്ങൾ നിർവഹിക്കുന്നതു് അവരുടെ സ്റ്റാഫ് കൌൺസിലാണ്. ഈ കാര്യങ്ങൾ പര്യാലോചിക്കുവാനായി ആ കൌൺസിൽ ഉടൻതന്നെ അടിയന്തരമായി വിളിച്ചുകൂട്ടുകയും അതിൽ വിദ്യാർത്ഥികളുടെ വാദമുഖങ്ങളെക്കുറിച്ചു് അവഗാഢമായി പര്യാലോചിക്കുകയും ചെയ്തു. അതിന്റെ ഫലമായിട്ടാണ് എന്റെ മാന്യസ്നേഹിതൻ മി. കെ. എ. മാത്യു ഇവിടെ വായിച്ചതരത്തിലുള്ള തീരുമാനത്തിൽ എത്തിച്ചേർന്നിട്ടുള്ളതു്. ആ പ്രമാണത്തിൽ അവിടത്തെ എല്ലാ അംഗങ്ങളും ഒപ്പിട്ടിട്ടുണ്ടു്. അതായതു്:—

മെസ്സേഴ്സ്	എ. ആരുവാമുതയ്യങ്കാർ
,,	കുറിപ്പുഴ കുഞ്ഞച്ചിമ്മൻ.
,,	വി. എം. ഇട്ടൂര
,,	ടി. എസ്. വെങ്കിട്ടരാമൻ.
,,	ടി. ബി. നൈനാൻ
,,	ടി ആർ. അനന്തരാമൻ
,,	സി. പി. മാത്യു (പ്രിൻസിപ്പൽ)

ഇവരാണ്. അവരുടെ തീരുമാനം ഈ സഭയിലെ ബഹുമാനപ്പെട്ട മെമ്പറന്മാരുടെ മുമ്പാകെ വയ്ക്കണമെന്നു് ഞാൻ അഭ്യർഥിക്കുന്നു.

"THE STUDENT AGITATION IN THE UNION CHRISTIAN COLLEGE.

A STATEMENT BY THE STAFF COUNCIL.

Early in November a representation was made on behalf of the students asking for the abolition of the "detention system" which is explained in the following para :—

At the end of every University course the Principal has to certify that the candidate presented for the examination has put in the required attendance at lectures and that his progress and conduct have been satisfactory. It has been the practice in colleges to notify, at the time of forwarding the applications of students in January, the names of those whose term certificates the Principal cannot send in March.

LIBRARY ARCHIVES Kerala Legislative Assembly

[Hon'ble Mr. T. K. Narsyana Pillai.]

This arrangement has served in the case of the vast majority of students as a valuable and necessary stimulus to work. But the few students who are 'detained' have a tendency to neglect their work in the third term of the second year. It is also a cause for unhealthy anxiety to some. The Staff Council felt that they should do all that is possible to enable students to do their work without unnecessary worries and fears. They also took into account the change in the situation caused by the introduction of the Part System for the Intermediate Examination. After careful consideration they recommended that the Principal should notify to the students as follows:—

"All the students in Classes IV and II are permitted to appear for the respective University Examinations of March-April 1949, subject to the condition laid down by the University that candidates have to get their conduct and progress testified to as satisfactory in the term certificate by the Principals of the colleges in which they studied, after the completion of the whole course. If a student systematically and grossly neglects his studies it is open to the Principal to withhold the term certificate even after his application is forwarded. It is hoped that no such case will arise."

The Staff Council feel that they have done all that can possible be done to meet the needs of the students in the matter. The only reservation is that if a student grossly and systematically neglects his studies he may run the risk of his certificate being withheld. The supervision of the work and the conduct of students during their course is an elementary duty of a college. It is not enough that a student puts in the necessary percentage of attendance; he should also do the exercises and compositions and other work assigned to him, and take the necessary tests and examinations. It would be a great disservice to the students if a college were to divest itself of this responsibility. But at the same time, the college has done all that is necessary to remove any unnecessary fears or anxieties in the matter by giving them the assurance that no student who does not grossly and systematically neglect his work will be refused his term certificate and the Principal has even expressed the hope that no such case would arise.

Incredible as it may seem! a small section, of students took up the position that nothing less than an assurance in

LIBRARY ARCHIVES Kerala Legislative Assembly

advance, that even a student who grossly and systematically neglects his studies would be given his term certificate, will satisfy them. To concede this demand would be to reduce education to a mockery. It is not only meaningless, but highly injurious to students that any University should insist on students putting in a certain percentage of attendance without at the same time insisting that they should do some work. Mere attendance will then be grossly detrimental to the atmosphere of the class and the work of the large number of students who desire to be helped.

The Principal's notification given above was explained to all the classes; and most of the students accepted it as reasonable and as meeting their wishes in a generous measure. But a small minority chose to incite their fellow-students to obstruct the work of the college.

On Tuesday the 30th November 1948, when students assembled together to consider the question of a strike, the Principal, Mr. V. M. Ittyerah and Mr. Kuttipuzha Krishna Pillai again explained the position and earnestly appealed to the students not to be misled by such incitement. This appeal too met with a wide and hearty response and vast majority of students marched to the several halls and class rooms. However, since they found 3 or 4 students blocking the entrance to each of these, they could not get into their classes. Most of the classes had therefore to be held in the shade of trees or in buildings in the court yard of the college.

On Wednesday morning (1st December 1948) there was again a meeting, in the Assembly Hall of the college, at which the Principal and Mr. V. M. Ittyerah appealed to the students to continue to attend the classes. Again the classes were well attended, though the work had to be carried on, as on the day before, outside the regular lecture rooms.

On both the days the strikers still small in number, tried to disturb work by holding meetings and shouting "Inquilab Zindabad" and other similar slogans.

Finding there was poor response to the call for a strik rand apprehending its failure, some of the strikers started a campaign of misrepresentation and distortion seeking to give a communal colour to the situation A hunger strike was started by one of the strikers in the afternoon of Wednesday.

LIBRARY ARCHIVES Kerala Legislative Assembly

[Hon'ble Mr. T. K. Narayana *Pillai*.]

Considering the whole situation, it was notified on Thursday morning, (2nd December 1948) that the college was closed till further notice and that the students should leave the hostels the same day. Most of the students left the college hostels before evening. The guardians of some of the strikers came and took them away. But the hunger striker and a few others have stayed on. Another student joined in the hunger strike on Thursday afternoon.

It is interesting in this connection to note the report given in the *Hindu* of 2nd December 1948 that the strike in the National College at Trichinopoly was called off on the assurance of the Principal regarding the sending up of the candidates for the University examinations, that "he would be as generous and as lenient as possible, subject to his authority as Principal not being questioned."

We greatly appreciate the remarkable good sense and patience of the great many students who were keen on attending classes and continuing their studies, but were physically obstructed or otherwise prevented from going on with their work. We also sympathise with all the students whose studies have been disturbed at this time of the year when they ought to be doing the best part of their work.

Members of the Staff-Council.

Sd. A. Aravamuda Ayyangar,		Head of the English Dept.
,, Kuttipuzha Krishna Pillai,	,,	Malayalam ,,
,, V. M. Ittyerah,	,,	History ,,
,, T. S. Venkataraman,	,,	Mathematics,,
,, T. R. Ninan	,,	Physics ,,
,, T. R. Anantharaman,	,,	Chemistry ,,
,, T. C. Joseph.	,,	Biology ,,

Sd C. P. MATHEW,
Principal.

3rd December 1948.

ഇതായിരുന്ന അവരുടെ തീരുമാനം. ഇതിന്റെ തർജിമ ആവശ്യമുണ്ടെന്നതോന്നുന്നില്ല. സെലക്ഷൻ ഏക്സാമിനേഷൻ നിറുത്താമെന്ന അധികൃതന്മാർ സമ്മതിച്ചു. എന്നാൽ, മനഃപൂർവമായി ജാഗ്രതക്കുറവു് കാണിക്കുന്ന വിദ്യാർത്ഥികളെ സംബന്ധിച്ചു് ആവശ്യമെന്നു് തോന്നുന്ന പക്ഷം ടേം സർട്ടിഫിക്കെറ്റു് അയച്ചുകൊടുക്കാതിരിക്കുന്നതിനുള്ള അവകാശവും പ്രിൻസിപ്പാളിൽതന്നെ നിക്ഷിപ്തമായിരിക്കണമെന്നാണു് അവരുടെ തീരുമാനം. എന്നാൽ സാമാന്യേന പറയുകയാണെങ്കിൽ ആ മാതിരി സർട്ടിഫിക്കെറ്റു് അയയ്ക്കാതിരിക്കുന്നതു് വളരെ ചുരുക്ക

LIBRARY ARCHIVES Kerala Legislative Assembly

മായിട്ടേ ഉണ്ടാവുകയുള്ളു എന്നും അവർ വ്യക്തമാക്കിയിട്ടുണ്ട്. ഞാൻ പറഞ്ഞതുപോലെ നിലവിലുള്ള യൂണിവേഴ്സിറ്റി ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ച് പ്രിൻസിപ്പാലിനാണു് അതിനുള്ള പരമാധികാരം. ആ അധികാരം ഓരോ വിദ്യാർത്ഥിയുടേയും സ്വഭാവരീതിയും നടപടിക്രമങ്ങളും അനുസരിച്ചാണു് ഉപയോഗിക്കുന്നതു്. എക്സാമിനേഷനു ശേഷവും മനഃപൂർവമായി അലസത കാണിക്കുകയും അച്ചടക്കത്തിനു് വിരുദ്ധമായി പ്രവർത്തിക്കുകയും ചെയ്താൽ മാത്രമേ ഇങ്ങനെ സർട്ടിഫിക്കറ്റു് അയച്ചുകൊടുക്കാതിരിക്കുകയുള്ളു. ഇതു് എല്ലായിടത്തും സ്വീകരിച്ചിട്ടുള്ള ഒരു തത്ത്വമാണെന്നാണു് ഞാൻ മനസ്സിലാക്കിയിട്ടുള്ളതു്. ഇപ്പോഴത്തെ സത്യാഗ്രഹത്തെ സംബന്ധിച്ചാണെങ്കിൽ ഏകദേശം മുന്നൂറിനടുത്തു വിദ്യാർത്ഥികൾക്കു ടേം സർട്ടിഫിക്കറ്റു് കൊടുക്കേണ്ടിയിരുന്നതിൽ കഷ്ടിച്ചു് ഒരു ഡസൻ വരുന്ന വിദ്യാർത്ഥികൾ അവരുടെ ടേം സർട്ടിഫിക്കറ്റു്, അതായതു് അവർക്കു മാർച്ചു മാസത്തിൽ കൊടുക്കേണ്ട ടേം സർട്ടിഫിക്കറ്റു ഈ ഡിസംബറിൽ തന്നെ കൊടുക്കുവാൻ പ്രിൻസിപ്പാൾ തയാറാകണമെന്നാണു് അവർ ഇപ്പോൾ വാദിക്കുന്നതു്. അവരുടെ മാത്രമല്ല ഈ മുന്നൂറിനടുത്തു പേരുടേയും ടേം സർട്ടിഫിക്കറ്റു ഇപ്പോൾതന്നെ കൊടുക്കാമെന്നു പ്രിൻസിപ്പാൾ നിരുപാധികം പ്രതിജ്ഞ ചെയ്യണമെന്നാണു അവരുടെ പ്രക്ഷോഭണം. ഇതു് വകവച്ചു കൊടുക്കേണ്ടതാണോ, ന്യായമായിട്ടുള്ളതാണോ എന്നു് നാം ആലോചിക്കണം. വേറെ ഭാഷയിൽ പറയുകയാണെങ്കിൽ അടുത്ത മാർച്ചു് മാസത്തിൽ കൊടുക്കണമെന്നു വ്യവസ്ഥയുള്ള ടേം സർട്ടിഫിക്കറ്റു ആ വ്യവസ്ഥയെ വിഗണിച്ചും ഈ ഡിസംബർ മാസത്തിൽതന്നെ, അതായതു് ഈ പ്രക്ഷോഭണം നടക്കുന്ന കാലത്തുതന്നെ കൊടുക്കാമെന്നു നിരുപാധികമായ ഒരു പ്രതിജ്ഞ ചെയ്യണമെന്നാണു്. അങ്ങിനെ ചെയ്താൽമാത്രമേ തങ്ങളുടെ പ്രക്ഷോഭണം പിൻവലിക്കുകയുള്ളുയെന്നും പറയുകയുണ്ടായി. അവരോടു വളരെ വളരെ വാഗ്വാദങ്ങൾ നടത്തുകയുണ്ടായി. പ്രിൻസിപ്പാൾ മാത്രമല്ല നിങ്ങൾക്കെല്ലാവർക്കും സുപരിചിതനും സ്റ്റാഫിലെ ഒരംഗവുമായ ശ്രീ കുറിപ്പുഴ കൃഷ്ണപിള്ള അവർകളും അവരുമായി രണ്ടോ മൂന്നോ മണിക്കൂർ അനുസ്യൂതമായ സംഭാഷണത്തിൽ ഏർപ്പെട്ടിരുന്നു. സ്റ്റാഫ് കൗൺസിലിലുള്ള എല്ലാ അംഗങ്ങളും വിദ്യാർത്ഥികളെ സമീപിച്ചു് യുക്തിവാദങ്ങൾ നടത്തിയെന്നും എനിക്കു നേരിട്ടറിയാൻ ഇടയായിട്ടുണ്ടു്. കാളേജു അധികൃതന്മാരെ സംബന്ധിച്ചു പറയുകയാണെങ്കിൽ അവർ വിദ്യാർത്ഥികളോടു വളരെ അനുഭാവപൂർവമായിട്ടാണു്

LIBRARY ARCHIVES Kerala Legislative Assembly

[Hon'ble Mr. T. K. Narayana Pillai.]

പൊതുമാറിയിട്ടുള്ളതെന്ന് പല റിക്കാർഡുകളിൽനിന്നും അഭ്യുപഗമങ്ങളിൽനിന്നും എനിക്ക് മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. എന്റെ അറിവു തെറ്റാകാം. എനിക്ക് സിദ്ധിച്ചിട്ടുള്ള അറിവിനെ അടിസ്ഥാനമാക്കിയാണ് ഞാൻ പറയുന്നത്. അതിനുശേഷം നടന്ന സംഭവങ്ങൾ എന്തെല്ലാമാണെന്ന് ബഹു: മെമ്പറന്മാർക്കറിയാം. രണ്ടുപേർ നിരാഹാരവ്രതം തുടങ്ങി. അതിനുമുമ്പ് അവരുടെ ആഗ്രഹം വേണ്ടുവോളം അനുകൂലം ഇല്ലാതിരുന്നതുകൊണ്ടു പ്രതാപം വിദ്യാർത്ഥികൾ കോളേജിലെ മുറികളിൽ ബലമായി പ്രവേശിച്ചു താഴത്തുനിന്ന് വാതിലുകളും ജനാലകളുമെല്ലാം കുറിയിട്ടു. ഒന്നോ രണ്ടോ വിദ്യാർത്ഥികൾ നിന്നിരുന്നു. ക്ലാസിലേയ്ക്കുള്ള ഒരു വാതിൽ മാത്രം തുറന്നിട്ടുകൊണ്ടു ബാക്കിയുള്ള വാതിലുകളെല്ലാം അകത്തുനിന്ന അവർ കുറിയിട്ടു. അതിനുശേഷം പൊതുവേയുള്ള പ്രവേശന പ്രദേശത്തിൽ രണ്ടുപേർ നിരാഹാരവ്രതം ആരംഭിച്ചു. ഒരു പ്രത്യേക പ്രശ്നമൊന്നും പേരല്ലാതെ അവരോട് അനുഭാവമുള്ളവരായി അധികം ആളുകൾ അവിടെയുണ്ടായിരുന്നില്ല. അതുകൊണ്ടു ക്ലാസുകൾ പിന്നെയും നടത്തുന്നതിന് കോളേജധികൃതന്മാർക്കു സാധിച്ചു. ക്ലാസുമുറികൾ പൂട്ടിയിട്ടിരുന്നതുകൊണ്ടു വരാന്തയിലും മരച്ചുവട്ടിലുംവെച്ചു ക്ലാസുകൾ മുന്നാലു ദിവസം തുടർച്ചയായി നടത്തി. ഇങ്ങനെ ക്ലാസുകൾ നടത്തിക്കൊണ്ടുപോകുന്നതു് അവരുടെ പ്രക്ഷോഭണത്തിന്റെ ശക്തിയെ കുറയ്ക്കുമെന്ന സംശയംകൊണ്ടു എതാനും വിദ്യാർത്ഥികൾ, ഇപ്പോൾ സ്റ്റീമൻ ജോസ് തന്നെ സമ്മതിക്കുന്നതുപോലെ, എതാനും വിദ്യാർത്ഥികൾ ചേർന്ന് മനഃപൂർവം ചില കശപിശയുണ്ടാക്കി ക്ലാസു നടത്തുന്നതിനു് സാധ്യമല്ലാതാക്കിത്തീർത്തു. അതിന്റെ ഫലമായിട്ടാണ് കോളേജു് അനിശ്ചിതകാലത്തേക്കു അടച്ചിടുവാൻ ഇടയായിട്ടുള്ളതു്. ഇതാണ് അവിടെ നടന്നിട്ടുള്ള സംഭവങ്ങളുടെ യഥാർത്ഥ സ്ഥിതിയെന്നാണ് ഞാൻ മനസ്സിലാക്കുന്നതു്. ഇക്കാര്യത്തിൽ ഗവണ്മെന്റിനു ഇതിൽ ഇടപെട്ടിട്ടില്ലെന്ന് ബഹു: മെമ്പറെ ധരിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. എപ്പോഴെങ്കിലും പോലീസുകാർ ഇടപെടുകയോ വിദ്യാർത്ഥികളെ ഏതെങ്കിലും തരത്തിൽ ഉപദ്രവിക്കുകയോ ഒക്കെയുണ്ടായിട്ടുണ്ടെങ്കിൽ ഉപദ്രവിക്കുമെന്ന് സംശയിക്കത്തക്ക പരിതസ്ഥിതികൾ സൃഷ്ടിക്കുകയോ ഉണ്ടായിട്ടില്ലെന്ന് എനിക്കു ധൈര്യമായി പറയാൻ സാധിക്കുന്നതാണ്. ഇങ്ങനെയുള്ള പരിതസ്ഥിതിയിൽ ആണ് രണ്ടുപേർ Hunger strike ആരംഭിച്ചതു്. ഇന്നു വിലെ രണ്ടുപേരെ ആസ്പത്രിയിലേക്കു മാറ്റി അവിടത്തെ ഡോക്ട

LIBRARY ARCHIVES Kerala Legislative Assembly

രുടെ ഒരു കമ്പി ഇന്നച്ചയ്ക്ക് കിട്ടിയിട്ടുണ്ട്. അവരുടെ സ്ഥിതി ഇവിടെ പറഞ്ഞതുപോലെ ആശങ്കാജനകമല്ലെന്നും അവർ തുടർച്ച യായി ഗ്ലൂക്കോസ് കഴിച്ചുവരുന്നുവെന്നുമാണ് അവിടത്തെ ഡാക്ടറായ ശ്രീമാൻ നാരായണൻ ഞങ്ങളെ അറിയിച്ചതു്. അവരെ ആശുപത്രി യിലേക്കു മാറ്റിയതിനുശേഷം പിന്നൊരാഥം വൈസ് പ്രിൻസിപ്പാ ളിന്റെ വീട്ടുവാതുക്കൽ സത്യഗ്രഹം ആരംഭിച്ചിട്ടുണ്ട്. ഇതിൽ ഗവ ണ്മെന്റു് എന്താണു് ചെയ്യേണ്ടതെന്നു് ഞങ്ങൾക്കുതന്നെ നിശ്ചയമില്ല. ഒരു മാനേജ്മെന്റു കാര്യമാണു് ഇതിൽ ഇടപെട്ടിട്ടുള്ളതു്. മാനേജ്മെന്റു കാര്യങ്ങളുടെ പ്രവർത്തനങ്ങളിൽ തിരുവിതാംകൂർ യൂണിവേഴ്സിറ്റിക്കു അധികാരമുണ്ടെന്നു് ഞാൻ സമ്മതിക്കുന്നു. തിരു വിതാംകൂർ ഗവണ്മെന്റിനും ആവശ്യമെന്നു തോന്നുന്നപക്ഷം, വിദ്യാ ർത്ഥികളുടെ നിലയെ ക്രമത്തിൽ സുകരമാക്കുന്നതിനു് ആവശ്യമാണെന്നു് തോന്നുന്നപക്ഷം ഒരുപക്ഷേ യൂണിവേഴ്സിറ്റിയെ ഉപദേശിക്കുന്നതി നുള്ള അവകാശവും ഉണ്ടായിരിക്കാം. എന്തായാലും എല്ലാ വിദ്യാഭ്യാസവി കൃതന്മാരും സമ്മതിച്ചിട്ടുള്ള ഒരു തത്വത്തെ അടിസ്ഥാനമാക്കി മാത്ര മാണ് ആലുവാ കോളേജിലെ അധികൃതന്മാർ ഈ സർട്ടിഫിക്കറിനെ സംബന്ധിച്ചു്, അതായതു്, വെറും ഔപചാരികമായ ഒരു സംഗ തിയെ സംബന്ധിച്ച ഇക്കാര്യത്തിൽ നിലകൊള്ളുന്നതു്. അവർക്കു് സർട്ടിഫിക്കറു് കൊടുക്കുന്നതിനുള്ള അവകാശം പ്രിൻസിപ്പാളിൽ ഇരിക്കുന്നിടത്തോളംകാലം മനസ്സാക്ഷി അനുസരിച്ചു് പ്രവർത്തിക്കുന്ന ഒരു പ്രിൻസിപ്പാളിനോടു് മൂന്നു മാസത്തിനുമുമ്പുതന്നെ സർട്ടിഫിക്കറു കൊടുക്കണമെന്നു യൂണിവേർസിറ്റി അധികാരികളോ ഗവണ്മെന്റു അധികാരികളോ ആവശ്യപ്പെടുന്നതു് ശരിയായിരിക്കുമോ എന്നുള്ള സംശയഗ്രസ്തമായ ഒരു കാര്യമാണു്. ഗവണ്മെന്റിന്റെ നില വളരെ വളരെ സ്പഷ്ടമാണു്. ഏതെങ്കിലും തരത്തിൽ ഈ വക സംഗതികളിൽ ഇടപെടണമെന്നു ഗവണ്മെന്റു വിചാരിക്കുന്നില്ല. എന്നാൽ എന്റെ സ്നേഹിതൻ ശ്രീമാൻ നടരാജപിള്ള പറഞ്ഞതുപോലെ ഏതെങ്കിലും വിധത്തിൽ ഇതു് രണ്ടോ മൂന്നോ വിദ്യാർത്ഥികളെ എന്നതിനെ നിന്നും അഞ്ചോ ആറോ ആയിത്തീരുന്നതിനു് ഇടയുണ്ടു്. എന്നാൽ വിദ്യാർത്ഥി കൾക്കു് തകരാറായി, ഭാവി പുരുഷന്മാരായിത്തീരേണ്ട വിദ്യാർത്ഥികളുടെ ഭാവിയെ അപകടത്തിൽ ആക്കുന്നതായി എന്തെങ്കിലും ചെയ്യണ മെന്നു് ഗവണ്മെന്റിനു് ഒരു നിമിഷംപോലും അഭിപ്രായമില്ല. വിദ്യാ ർത്ഥികളെ ഏതു തരത്തിലാണു് പ്രീണിപ്പിക്കാൻ സാധിക്കുന്നതു്, അല്ലെ ങ്കിൽ ഈ പ്രത്യേകാഭിപ്രായത്തെ ഇല്ലാതാക്കുന്നതിനു് കോളേജധികൃതന്മാരായി സൗഹാർദ്ദബന്ധം സ്ഥാപിക്കുന്നതിനും പുലർത്തുന്നതിനും എങ്ങനെയാണു്

LIBRARY ARCHIVES Kerala Legislative Assembly

[Hon'ble Mr. T. K. Narayana Pillai.]

സാധിക്കുന്നതല്ല എന്നുള്ളതിനെപ്പറ്റി ഗവണ്മെൻറ് ഇതുവരെ നിശ്ചിതമായ തീരുമാനങ്ങളിലൊന്നും എത്തിച്ചേർന്നിട്ടില്ല. എന്നാൽ ഒരു കാര്യം ധൈര്യമായി പറയുന്നതിന് എനിക്ക സാധിക്കും. ഈ വിദ്യാർത്ഥികളുടെ ജീവനെ അപകടത്തിലാക്കണമെന്ന് ഇപ്പോഴത്തെ ഗവണ്മെൻറിന് ഒരു നിർബ്ബന്ധവുമില്ല. അവരുടെ ഈ ഉദ്യമത്തിൽനിന്നും അവരെ പിൻതിരിപ്പിക്കുന്നതിന് സകല കഴിവുകളും ഉപയോഗിക്കുന്നതാണ്. അവരുടെ ജീവനെ പണയത്തിലാക്കുകയെന്നുള്ളതു് അവരോടുമാത്രമല്ല രാജ്യത്തിലെ മറ്റു സന്താനങ്ങളോടുചെയ്യുന്ന ഒരു അപരാധമായിരിക്കുമെന്നും ഗവണ്മെൻറിന് പരിപൂർണ്ണമായ ബോദ്ധ്യമുണ്ട്. എന്നാൽ ഗവണ്മെൻറിന്റെ ഈ നടത്തെ സാധുതകരമല്ലെന്നറിഞ്ഞ ബഹുമാനപ്പെട്ട അംഗങ്ങളും വിദ്യാർത്ഥിലോകവും നല്ല പോലെ മനസ്സിലാക്കണമെന്ന് ഞാൻ അവരോടു വിനീതമായി അപേക്ഷിച്ചുകൊള്ളുന്നു. വിദ്യാർത്ഥികൾ അവശ്യപ്പെട്ടിട്ടുള്ളതായ കാര്യങ്ങളിൽ നൂറിൽ ശതമാനവും അനുവദിച്ചുകഴിഞ്ഞു. വെറും സാങ്കേതികമായ, ഔപചാരികമായ ഒരു സംഗതിയെ താങ്ങിപ്പിടിച്ചുകൊണ്ടാണ് ഈ പ്രക്ഷോഭണം നിലനിറുത്തിക്കൊണ്ടുപോകാൻ തല്പരകക്ഷികൾ ശ്രമിച്ചുവരുന്നതെന്ന് വിദ്യാർത്ഥിസാമാന്യമായും മറ്റെല്ലാവരും മനസ്സിലാക്കേണ്ടതാണ്. ഗവണ്മെൻറിന് ചില പ്രതിബന്ധങ്ങൾ ഉണ്ട്. രാജ്യത്തു് സമാധാനം പരിരക്ഷിക്കുന്നതു് ഗവണ്മെൻറിന്റെ മുഖ്യചുമതലയാണ്. രാജ്യത്തു് സമുദായങ്ങൾ തമ്മിലുള്ള അകൽച്ചയെ വർദ്ധിപ്പിക്കാതിരിക്കുന്നതിന് വേണ്ടതു് ചെയ്യുന്നതിനും ഗവണ്മെൻറിനു മുഖ്യചുമതലയുണ്ട്. വിദ്യാഭ്യാസനയം രൂപീകരിക്കുന്നതിനുള്ള അവകാശം വിദ്യാർത്ഥികൾക്കാണെന്നു് ആരെങ്കിലും പറയുന്നുവെങ്കിൽ ആ വാദത്തെ സ്വീകരിക്കുന്നതിന് ഒരു ഗവണ്മെൻറും തയ്യാറാകുമെന്നു് എനിക്കു തോന്നുന്നില്ല. ഗവണ്മെൻറിന്റെ വിദ്യാഭ്യാസനയം എന്തായിരിക്കുമെന്നു് അവസാനമായി തീരുമാനിക്കുന്നതിനുള്ള അവകാശം ഗവണ്മെൻറിനാണ്. അതു് വിദഗ്ദ്ധന്മാരുമായി ആലോചിച്ചതിനുശേഷം ഗവണ്മെൻറ് നിശ്ചയിക്കേണ്ടതാണ്. ഇന്നവിധത്തിൽ വിദ്യാഭ്യാസനയം രൂപീകരിക്കണം, ഇന്നയിന്നവിധത്തിലുള്ള സിലബസ്സ് വേണം, ഇന്നയിന്നവിധത്തിൽ വിദ്യാഭ്യാസപദ്ധതികൾ ഉണ്ടാക്കണം എന്നൊക്കെ അവസാനമായി വിധി പ്രസ്താവിക്കുന്നതിനുള്ള അവകാശം വിദ്യാർത്ഥികൾക്കാണെന്നു് ആരെങ്കിലും വാദിച്ചുകൊണ്ടിരിക്കുന്നുണ്ടെന്നു് എനിക്കു മനസ്സിലാക്കാൻ സാധിച്ചിട്ടില്ല. അതുകൊണ്ടു് എനിക്കു് ബഹു: അംഗങ്ങളോടു് പറയാനുള്ളതു്

LIBRARY ARCHIVES Kerala Legislative Assembly

മർദ്ദനംകൊണ്ടു് ഇതിനെ ഏതെങ്കിലും വിധത്തിൽ അടിച്ചമർത്തണമെന്നു ഗവണ്മെൻറു് ഒരു നിമിഷംപോലും വിചാരിക്കുന്നില്ല എന്നാണു്. ഗവണ്മെൻറു് ന്യായമായ എല്ലാ മാർഗ്ഗങ്ങളിൽക്കൂടിയും ഇവരെ തൃപ്തിപ്പിക്കുന്നതിനു് നടപടികൾ നടത്തുന്നതാണു്. ആ നടപടികളുടെ സ്വഭാവം എന്തായിരിക്കുമെന്നും ആ നടപടികൾ വിദ്യാർത്ഥികളെ തൃപ്തിപ്പിക്കുന്നതിനു് എത്രമാത്രം ഫലപ്രദമാകുമെന്നുമുള്ള സംഗതികളെപ്പറ്റി ഈ അവസരത്തിൽ ഗവണ്മെൻറിനു് നിശ്ചിതമായി എന്തെങ്കിലും പറയുന്നതിനു് സാദ്ധ്യമല്ലെന്നു് ഞാൻ പറയുമ്പോൾ എന്റെ സുഹൃത്തുക്കളായ ബഹുമാനപ്പെട്ട അംഗങ്ങൾ അതിനെ വിചാരിക്കണം. എനിക്കു അവസാനമായി പറയാനുള്ളതു് ഈ മന്ത്രിയുമ്മാർ കയ്യുങ്കളിൽ ഗവണ്മെൻറു് പ്രെസ്റ്റീജിനുവേണ്ടിയല്ല നിലകൊള്ളുന്നതെന്നാണു്. എന്നാൽ ഗവണ്മെൻറിനു് ചില മുൻതൂക്കം ഉണ്ടു്. മാനേജുമെൻറു് അധികാരികൾ എന്തെങ്കിലും കർക്കശമായ ഒരു നിലയാണു് അവലംബിച്ചിരുന്നതെങ്കിൽ നമുക്കു തീച്ചയായും വളരെ വിജയത്തോടുകൂടിത്തന്നെ ഇടപെടാമായിരുന്നു. എന്നാൽ മനുഷ്യസാധാരണമായ ക്ഷമാബുദ്ധിയോടുകൂടിത്തന്നെ അവർ പ്രവർത്തിച്ചിട്ടുണ്ടെന്നുള്ളതിൽ എനിക്കു് വ്യക്തിപരമായി യാതൊരു സംശയവുമില്ല. അതുകൊണ്ടു് ഈ കയ്യുത്തിൽ ഇടപെട്ട എന്തെല്ലാം ചെയ്യാൻ സാധിക്കുമോ അതെല്ലാം ചെയ്യുമെന്നു മൊത്തത്തിൽ പറയാമെന്നല്ലാതെ ഇന്നയിന്ന നടപടികൾ സ്വീകരിക്കുമെന്നു ഖണ്ഡിതമായി പറയുക സാധ്യമല്ലെന്നുമാത്രമേ ഈയവസരത്തിൽ എനിക്കു അറിയിക്കാനുള്ളു. എന്തായാലും ഒരു സംഗതിയിൽ ഗവണ്മെൻറിനു വളരെ സമാധാനം ഉണ്ടാകുന്നുണ്ടു്. ഇന്നു് ഇവിടെ നടന്ന വാദപ്രതിവാദങ്ങളിൽനിന്നും മനസ്സിലാകുന്നതു് വിദ്യാർത്ഥികളുടെ അവകാശവാദങ്ങളെ അതേപടി അനുവദിച്ചുകൊടുക്കുന്നതു തീർച്ചയായും ന്യായീകരിക്കത്തക്കതല്ലെന്നും ഏതെങ്കിലും വിധത്തിൽ പ്രക്ഷോഭണേന ഈ പരാജയപ്പെടുത്തുന്നതു രാജ്യത്തിന്റെ ഭാവിക്കുതന്നെ അത്യാവശ്യമാണെന്നുമായിരുന്നു ഭൂരിപക്ഷം അംഗങ്ങളുടേയും വാദഗതി. ശ്രീമാൻ ഏ. കെ. പാപ്പു പിള്ളപോലും ജീവകാരുണ്യത്തിന്റെ പേരിലാണു് വിദ്യാർത്ഥികളെ രക്ഷിക്കണമെന്നു് അഭ്യർത്ഥിച്ചതു്. ജീവകാരുണ്യത്തിന്റെ പേരിൽ ചെയ്യാവുന്നതെല്ലാം ചെയ്യുമെന്നു് ശ്രീമാൻ പാപ്പുപിള്ളയെ അറിയിക്കാൻ ഞാൻ അഭ്യർത്ഥിക്കുന്നു. ഈ ഗവണ്മെൻറിനും ജീവകാരുണ്യമുണ്ടു്. വിദ്യാർത്ഥികളുടെ ന്യായമായ ആവശ്യങ്ങളെ പരിഗണിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

[Hon'ble Mr. T. K. Narayana Pillai.]

തിനു ഇന്നത്തെ ഗവണ്മെൻറു് എപ്പോഴും ബദ്ധശ്രദ്ധമായിരിക്കുമെന്നു എന്റെ സ്നേഹിതൻ ശ്രീമാൻ പാപ്പുപിള്ള അവർകളും മനസ്സിലാക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഇതിൽ കൂടുതലായി ഈ അഡ്ജോൺമെൻറു മോഷനെക്കുറിച്ചു് പറയണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല.

MR. POULOSE PYLEE : വിദ്യാർത്ഥികളുടെ രക്ഷകർത്താക്കന്മാർ ആരെങ്കിലും ഇതിൽ ഇടപെട്ടിട്ടുണ്ടോ ?

HON'BLE MR. T. K. NARAYANA PILLAI : വിദ്യാർത്ഥികളുടെ രക്ഷകർത്താക്കന്മാർ ഇടപെടുകയും പലതും മാറുകയും ചെയ്തിട്ടുണ്ടു്. ഒരു സംഗതികൂടി പറഞ്ഞുകൊള്ളട്ടെ. ഏകദേശം ൨൫൦-ഓ. ൩൦൦-ഓ. വിദ്യാർത്ഥികൾ ഒപ്പിട്ടിട്ടുള്ള ഒരു പ്രമാണവും എനിക്കു കാണാൻ കഴിഞ്ഞു. സ്റ്റാഫ് കൗൺസിലിന്റെ തീരുമാനത്തെ അവർ സ്വാഗതം ചെയ്യുന്നു. കൂടുതലായി അവർ ഒന്നും ആവശ്യപ്പെടുന്നില്ല. ആ നിശ്ചയത്തെ സ്വീകരിക്കുന്നതിനു അവർ തയാറുമാണു്. ആ പ്രമാണത്തിൽ എല്ലാ സമുദായങ്ങളിലെ അംഗങ്ങളും ഒപ്പിട്ടിട്ടുണ്ടു്. ആകെ ൩൦൦ വിദ്യാർത്ഥികളുള്ളതിൽ ഒരു ൫൦ പേരിൽ കുറവായിട്ടുള്ളതുമാത്രമേ പ്രക്ഷോഭകാരികളുടെ കൂട്ടത്തിലുള്ളു. ൩൦൦ ആണെന്നാണു് എനിക്കു കിട്ടിയിട്ടുള്ള അറിവു്. നിസ്സാരമായ ഒരു മൈനാറിട്ടി, അതായതു് ഒരു മുപ്പതോ അമ്പതോപേരുടെ പ്രവൃത്തികൊണ്ടു ൩൦൦ പേരുടെ വിദ്യാർത്ഥിജീവിതത്തെ ഇല്ലാതാക്കാൻ അനുവദിക്കേണ്ടതാണോ അല്ലയോ എന്നുള്ളതാണു് ഇന്നത്തെ മുഖ്യമായ പ്രശ്നം.

MR. A. P. UDAYABHANU : Does the Hon'ble Prime Minister know the number of pupils who had voted for the strike ?

HON'BLE MR. T. K. NARAYANA PILLAI : സ്ട്രൈക്കു് ബാലട്ടിനെപ്പറ്റി എനിക്കു് ശരിയായ വിവരങ്ങളൊന്നും കിട്ടിയിട്ടില്ല. എങ്കിലും ഒരു സ്ട്രൈക്കു് ബാലട്ടു് നടന്നിയതു് കാളേജു് അടച്ചു് ൬൪ ശതമാനം വിദ്യാർത്ഥികളും സ്ഥലംവിട്ടതിനുശേഷമാണെന്നാണു് എന്റെ അറിവു്.

MR. PRESIDENT : ഈ സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ ൧൧ മണിക്കു് വീണ്ടും കൂടുന്നതുമാണു്.

The House adjourned at 6-5 P. M. to meet again at 11 A. M. the next day.

V. KRISHNAMOORTHY AIYAR,
Secretary to the Legislative Assembly.

LIBRARY ARCHIVES Kerala Legislative Assembly